മലയാള മനോരമ
15 September 2017

# കടലിന്റെ മകൾക്ക് മികവിന്റെ പുരസ്കാരം; ഒരു ലക്ഷം രൂപ

## കഷ്ടപ്പാടിലും പഠനമികവ് പുലർത്തിയ മായയ്ക്കാണു സമ്മാനം

**സ്വന്തം ലേഖകൻ**

കൊച്ചി ● “അച്ഛനും അമ്മയും കടലിൽ പോയാൽ ഞാനും രണ്ട് അനിയത്തിമാരും തനിച്ചാകും. നന്നായി പഠിക്കെന്നു പറഞ്ഞു ചോറൊക്കെ ഒരുക്കിവച്ചാണു രണ്ടാളും പോകുന്നത്. കുറേക്കഴിയുമ്പോൾ അനിയത്തിമാർ ഉറങ്ങും. എനിക്ക് ഉറക്കം വരില്ല. അവരെ നോക്കണം. പരീക്ഷയ്ക്കു പഠിക്കണം. പഠിച്ചു ജോലിയായാൽപ്പിന്നെ അമ്മയെ കടലിലേക്ക് അയയ്ക്കില്ല.”- പഠനമികവിനുള്ള ഒരു ലക്ഷം രൂപയുടെ ചെക്കു സമ്മാനമായി വാങ്ങിയശേഷം പതിനാറുകാരിയായ മായയുടെ വാക്കുകൾ.


മായ.

കേന്ദ്ര സമുദ്രമൽസ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) സദസ്സ് നിറകയ്യടിയോടെയാണ് ആ വാക്കുകൾ സ്വീകരിച്ചത്.

സിഎംഎഫ്ആർഐയിലെ മുൻ ശാസ്ത്രജ്ഞനായ പരേതനായ ഡോ.പി.പി. പിള്ളയുടെ പേരിലുള്ള പുരസ്കാരമാണു മായയ്ക്കു ലഭിച്ചത്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മൽസ്യത്തൊഴിലാളി കുടുംബങ്ങളിലെ മിടുക്കികളായ പെൺകുട്ടികളുടെ പഠനത്തിന് ഏർപ്പെടുത്തിയതാണു പുരസ്കാരം.

മീൻ പിടിക്കാൻ കടലിൽ പോകുന്ന ഇന്ത്യയിലെ ഏക മൽസ്യത്തൊഴിലാളി ദമ്പതികളായ ചേറ്റുവ സ്വദേശി കെ.വി. കാർത്തികേയന്റെയും കെ.സി. രേഖയുടെയും മകളാണു മായ. പാലൂർ എഎൽഎച്ച്എസിൽ പ്ലസ്ടു വിദ്യാർഥിനി. കാർത്തികേയൻ-രേഖ ദമ്പതികളെ സിഎംഎഫ്ആർഐ നേരത്തെ ആദരിച്ചിരുന്നു.

മൽസ്യത്തൊഴിലാളി സമൂഹത്തിൽ സ്ത്രീശാക്തീകരണം യാഥാർഥ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ‘ട്യൂണ പിള്ള ഫിഷർഫോക്ക് വെൽഫെയർ’ ആണ് സിഎംഎഫ്ആർഐയുമായി ചേർന്നു പുരസ്കാരം ഏർപ്പെടുത്തിയത്. ഡോ.പിള്ളയുടെ ഭാര്യ പദ്മജ പിള്ള പുരസ്കാരം സമ്മാനിച്ചു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ, ആശ പി. പിള്ള, ആർ. സത്യവതി, ഡോ.ആർ. നാരായണകുമാർ, ഡോ. ഷോജി ജോസഫ് എന്നിവർ പ്രസംഗിച്ചു.